# പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2604  18.06.2018 ൽ മറുപടിക്ക്**

**മരാമത്ത് പണികളിലെ ഗുണനിലവാര പരിശോധന**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ബി.ഡി. ദേവസ്സി<br>ശ്രീ.എം. സ്വരാജ്<br>ശ്രീ.പി.വി. അൻവർ<br>ശ്രീ.പി.ഉണ്ണി | ശ്രീ ജി സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്ത് പൊതുമരാമത്ത് വകുപ്പിന്റെ പരിധിയിൽ വരുന്ന പ്രവൃത്തികളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിനായി എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത്; | എ) സംസ്ഥാനത്ത് പൊതുമരാമത്ത് പ്രവൃത്തികളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിനായി പൊതുമരാമത്ത് മാന്വൽ പ്രകാരമുള്ള ക്വാളിറ്റി ഓഡിറ്റിംഗ് നടപ്പിലാക്കുന്നുണ്ട്. ഗുണനിലവാരം ഉറപ്പാക്കുന്നതിനായി റീജിയണൽ തലത്തിലും, ജില്ലാതലത്തിലും ക്വാളിറ്റി കൺട്രോൾ ലാബുകൾ പ്രവർത്തനം നടപ്പാക്കി വരുന്നു. പ്രവൃത്തികളുടെ പേയ്മെന്റിന് ക്വാളിറ്റി കൺട്രോൾ ലാബുകളുടെ പരിശോധന സർട്ടിഫിക്കറ്റുകൾ നിർബന്ധമാക്കിയിട്ടുണ്ട്. |
| ബി) പൊതുമരാമത്തു വകുപ്പിന്റെ പ്രവൃത്തികളുടെ ഗുണനിലവാരമില്ലായ്മയും ക്രമക്കേടുകളും ഒഴിവാക്കുന്നതിന് ക്വാളിറ്റി കൺട്രോൾ വിഭാഗത്തെ ശക്തിപ്പെടുത്തി ക്വാളിറ്റി കൺട്രോൾ മാനവൽ പ്രകാരമുള്ള ത്രിതല ഗുണനിലവാര പരിശോധന കർശനമാക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | ബി) പൊതുമരാമത്ത് പ്രവൃത്തികളുടെ ഗുണനിലവാരമില്ലായ്മയും ക്രമക്കേടുകളും ഒഴിവാക്കുന്നതിന് ക്വാളിറ്റി കൺട്രോൾ വിഭാഗത്തെ ശക്തിപ്പെടുത്തി ക്വാളിറ്റി കൺട്രോൾ മാന്വൽ പ്രകാരമുള്ള ത്രിതല ഗുണനിലവാര പരിശോധന കർശനമായി നടപ്പിലാക്കി വരുന്നു. ഇതിന്റെ ഭാഗമായി പ്രവൃത്തികളുടെ വിവരങ്ങൾ ക്വാളിറ്റി കൺട്രോൾ വിഭാഗത്തെ അറിയിക്കുകയും, ടി വിഭാഗത്തിൽ നിന്നും പരിശോധിച്ച് സർട്ടിഫിക്കറ്റുകൾ നൽകി വരുന്നു. പ്രവൃത്തികളുടെ പേയ്മെന്റിന് ക്വാളിറ്റി കൺട്രോൾ ലാബുകളുടെ പരിശോധന സർട്ടിഫിക്കറ്റുകൾ നിർബന്ധമാക്കിയിട്ടുണ്ട്. |
| സി) ഇതിനായി എല്ലാ ജില്ലകളിലും ഗുണനിലവാര പരിശോധന ലാബുകൾ പ്രവർത്തിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | സി) പ്രവർത്തിക്കുന്നുണ്ട്. പ്രവൃത്തികളുടെ ഗുണനിലവാരം പരിശോധിക്കുന്നതിന് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ചുമതലയിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ റീജിയണൽ ക്വാളിറ്റി കൺട്രോൾ ലാബുകളും, മറ്റ് എല്ലാ ജില്ലകളിലും അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ചുമതലയിൽ ജില്ലാതല ക്വാളിറ്റി കൺട്രോൾ ലാബുകളും പ്രവർത്തിച്ചു വരുന്നു. കൂടാതെ ദേശീയപാത വിഭാഗത്തിൽ വലിയ പദ്ധതികൾ എഞ്ചിനീയറിംഗ് പ്രോക്യൂമെന്റ് ആന്റ് |

കൺസ്ട്രക്ഷൻ (ഇ പി സി) വ്യവസ്ഥയിൽ നടപ്പിലാക്കി വരുന്നുണ്ട്,

ഡി) പൊതുമരാമത്ത് പ്രവൃത്തികളിൽ സോഷ്യൽ ഓഡിറ്റിംഗ് നടപ്പിലാക്കിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

ഡി) നടപ്പിലാക്കിയിട്ടുണ്ട്. സർക്കാർ ഉത്തരവ് ജി.ഒ (എം.എസ് ) നം. 1/2018/പി.ഡബ്ല്യു ഡി തീയതി 05.01.2018 പ്രകാരം പൊതുമരാമത്ത് ജില്ലാ സാമൂഹ്യ ഓഡിറ്റ് സമിതികൾ രൂപീകരിച്ചിട്ടുണ്ട്.

ജില്ലാസമിതികളിൽ അതാത് പ്രവൃത്തി സ്ഥലങ്ങളിലെ എം എൽ എ, ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ എന്നിവർ ചേർന്ന് സമിതികൾ രൂപീകരിക്കുകയും പ്രവൃത്തികളുടെ ഗുണമേന്മ ഉറപ്പുവരുത്തുന്നതിനായി പ്രവർത്തനം ആരംഭി ച്ചിട്ടുണ്ട്.

റോഡുകൾ പാലങ്ങൾ തുടങ്ങിയവയുടെ നിർമ്മാണം സംബന്ധിച്ചുള്ള പരാതികൾ പ്രസ്തുത പ്രവൃത്തികൾ നടക്കുന്ന ജില്ലയിലെ സ്ഥിരതാമസക്കാരനായ ഏതൊരാൾക്കും ജില്ലാസമിതി മുമ്പാകെ നൽകാവുന്നതാണ്. മുൻകൂട്ടി നിശ്ചയിക്കാതെ തന്നെ ചെയർമാന്റെ അനുവാദത്തോടു കൂടി പ്രവൃത്തികൾ പരിശോധിക്കുന്നതിനുള്ള അധികാരം മെമ്പർമാർക്ക് ഉണ്ടായിരിക്കുന്നതാണ്.

പരാതി ലഭിച്ച് ഒരുമാസത്തിനകം ജില്ലാ സാമൂഹിക ഓഡിറ്റ് സമിതി പരാതിയിൽ സർക്കാരിന് താഴെ പറയുന്ന ശുപാർശകൾക്ക് റിപ്പോർട്ട് ചെയ്യാവുന്നതാണ്.

1. പ്രവൃത്തിയിൽ വന്നിട്ടുള്ള അപാകതകൾ.

2.പൊതുമരാമത്ത് ഉന്നത ഉദ്യോഗസ്ഥർ പരിശോധന നടത്തണമെന്ന് ശുപാർശ ചെയ്യുക.

3.പൊതുമരാമത്ത് വിജിലൻസ് അന്വേഷിക്ക ണമെന്ന് സർക്കാരിലേയ്ക്ക് ശുപാർശ ചെയ്യുക.

4. സി റ്റി ഇ അന്വേഷിക്കണമെന്ന് സർക്കാരിലേയ്ക്ക് ശുപാർശ ചെയ്യുക.

5.ധനകാര്യ അന്വേഷണ വിഭാഗം അന്വേഷിക്ക ണമെന്ന് സർക്കാരിലേയ്ക്ക് ശുപാർശ ചെയ്യുക.

6.പോലീസ് വിജിലൻസ് അന്വേഷിക്കണമെന്ന് സർക്കാരിലേയ്ക്ക് ശുപാർശ ചെയ്യുക.

സെക്ഷൻ ഓഫീസർ